'ഹോക്കി താരം ശ്രീജ നൽകിയ അപേക്ഷയിൻമേൽ നടപടി'

125 [2735] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹോക്കിയിൽ സംസ്ഥാനത്തിനു വേണ്ടിയും യൂണിവേഴ്സിറ്റിക്കു വേണ്ടിയും കളിച്ച് ഒന്നാം സ്ഥാനം കരസ്ഥമാക്കിയ കണ്ണൂർ ജില്ലയിലെ ചിറ്റാരിപ്പറമ്പിലെ ശ്രീജ. പി. 2004 ജനുവരി 28-ന് സർക്കാർ സർവ്വീസിൽ നിയമനം ലഭിക്കുന്നതിനായി നൽകിയ അപേക്ഷയിൽ എന്തു നടപടിയെടുത്തു എന്ന് വിശദീകരിക്കുമോ?

ഉത്തരം

കണ്ണൂർ ജില്ലയിലെ ചിറ്റാരിപ്പറമ്പ് വട്ടോളി പാറമ്മൽ ഹൗസിൽ പി. ശ്രീജ സ്പോർട്സ് കാറ്റഗറിയിൽ നിയമനത്തിനായി സമർപ്പിച്ച അപേക്ഷ 9-2-2004-ൽ സർക്കാരിൽ ലഭിച്ചു. സ്പോർട്സ് കാറ്റഗറിയിൽ നിയമനം നൽകുന്നതിനുള്ള പ്രയോറിറ്റി ടിയാനുണ്ട് ഇല്ലാതിരുന്നതിനാൽ പ്രസ്തുത അപേക്ഷ പരിഗണിച്ചില്ല.

തൊടുപുഴയിൽ സ്റ്റേഡിയം പണിയുന്നതിന് നടപടി

[2736] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-05-ലെ ബഡ്ജറ്റിൽ തൊടുപുഴയിൽ ഒരു സ്റ്റേഡിയം പണിയുന്നതിനുവേണ്ടി ഒരു കോടി രൂപ നീക്കിവച്ചിരുന്നുവോ;

(ബി) ഇക്കാര്യത്തിൽ സ്ഥലമെടുപ്പ് നടപടികൾ തുടങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ സ്റ്റേഡിയത്തിനാവശ്യമായ സ്ഥലമെടുപ്പ് എന്ന് ആരംഭിക്കുമെന്ന് പറയാമോ;

(സി) 1-11-2004-ൽ കോട്ടയം കളക്ട്രേറിൽ വച്ച് സ്പോർട്സ് യുവജനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി തുടങ്ങിയ ഉന്നത ഉദ്യോഗസ്ഥൻമാരുടെ യോഗത്തിൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സർക്കാർ തത്വത്തിൽ അംഗീകരിച്ചിരുന്നുവോ?

ഉത്തരം

(എ) 2004-05-ലെ ബഡ്ജറ് പ്രസംഗത്തിൽ ഒരു കോടി രൂപ വാഗ്ദാനം നൽകിയിരുന്നുവെങ്കിലും തന്നാണ്ടിൽ ഉപധനാഭ്യർത്ഥന വഴി ആയിരം രൂപ മാത്രമേ ലഭ്യമാക്കിയിരുന്നുള്ളൂ.

(ബി) സ്റ്റേഡിയത്തിനാവശ്യമായ പുറമ്പോക്ക് സ്ഥലം കണ്ടെത്തുന്നതിനായി ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) 1-11-2004-ൽ കോട്ടയം കളക്ട്രേറിൽ വച്ച് നടന്ന യോഗത്തിൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ എടുക്കുന്നതിന് ധാരണ ആയിരുന്നു. എന്നാൽ സർക്കാർ ചെലവിൽ സ്ഥലം പൊന്നും വിലയ്ക്കെടുത്ത് സ്റ്റേഡിയം നിർമ്മിക്കുന്നത് അപ്രായോഗികമാകയാൽ പുറമ്പോക്ക് സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly